## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 209      26/09/2016-ൽ മറുപടിക്ക്

## ക്യാൻസർ ചികിത്സ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ജി.എസ്.ജയലാൽ** | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗ ബാധിതരുടെ എണ്ണം കണക്കിലെടുത്ത് ക്യാൻസർ ചികിത്സാരംഗത്ത് എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | എ) | സംസ്ഥാനത്ത് ക്യാൻസർ രോഗം വർദ്ധിച്ചു വരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ വർദ്ധിച്ചുവരുന്ന രോഗബാധിതരുടെ എണ്ണത്തിന് ആനുപാതികമായി സർക്കാർ തലത്തിൽ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളുടെ ദൗർലഭ്യം നിലനിൽക്കുന്നതിനാൽ, ക്യാൻസർ ചികിത്സ ഒരു വലിയ വിഭാഗം ജനങ്ങൾക്ക് അപ്രാപ്യമായിരുന്നു. ഈ സാഹചര്യത്തിന് ഒരു മാറ്റം വരുത്തുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പ് എല്ലാ ജില്ലയിലും ഒരു ക്യാൻസർ ചികിത്സാ കേന്ദ്രം എന്ന ആശയത്തോടെ ജില്ലാ ക്യാൻസർ കെയർ പദ്ധതി ആരംഭിച്ചിരുന്നു. ഇപ്പോൾ 12 ജില്ലകളിലായി 16 ആശുപത്രികളിൽ ഈ പദ്ധതി നിലവിൽ വരികയും ചെയ്തു. ക്യാൻസർ സ്പെഷ്യലിസ്റ്റുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് ഡോക്ടർമാർക്ക് റീജിയണൽ ക്യാൻസർ സെന്ററുകളിൽ പരിശീലനം നൽകി വിന്യസിക്കുകയും ചെയ്തു. നാളിതുവരെ 16,000-ൽപ്പരം കീമോതെറാപ്പി ഈ സെന്ററുകളിലൂടെ നൽകുന്നതിനും 1500-ൽപ്പരം പുതിയ രോഗികളെ കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഇതിനു പുറമെ എല്ലാ ജില്ലയിലും ക്യാൻസർ നിർണയ ക്യാമ്പുകൾ നടത്തുന്നതിനും, ക്യാൻസർ ബോധവൽക്കരണം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |

**റീജിയണൽ കാൻസർ സെന്റർ**

ആർ.സി.സിയിൽ ലോകോത്തര നിലവാരത്തിലുള്ള എല്ലാ കാൻസർ ചികിത്സാ സൗകര്യങ്ങളും നിലവിലുണ്ട്. കൂടാതെ ആർ.സി.സിയിൽ എത്തുന്ന രോഗികൾക്കായി എല്ലാവിധ രോഗനിർണ്ണയ ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടെ എത്തുന്ന രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് പുതുതായി പണി പൂർത്തിയാക്കിയ 1,34,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പത്തു നില കെട്ടിടത്തിന്റെ പണി പൂർത്തിയായി പ്രവർത്തന സജ്ജമായികൊണ്ടിരിക്കുന്നു. ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി ഒ.പി.വിഭാഗത്തിൽ അനുഭവിച്ചു വരുന്ന സ്ഥലപരിമിതി പരിഹരിക്കപ്പെടുന്നതാണ്. കൂടാതെ ആർ.സി.സി കാമ്പസിനോടു ചേർന്ന് 100 സെന്റ് സ്ഥലത്തിൽ (പുതുതായി അനുവദിച്ചു കിട്ടിയ 64 സെന്റ് സ്ഥലം ഉൾപ്പെടെ) 2,69,000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ പുതിയ കെട്ടിടം കൂടി നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആവശ്യമായ എല്ലാ അനുമതികൾക്കും ശേഷം കെട്ടിട നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തികരിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

ആർ.സി.സി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകൾ. എറണാകുളം ജനറൽ ആശുപത്രി, മലബാർ കാൻസർ സെന്റർ എന്നീ സ്ഥാപനങ്ങളുടെ സാങ്കേതിക സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് കാൻസർ രോഗികൾക്ക് ആധുനിക ചികിത്സ ലഭ്യമാക്കാൻ സർക്കാർ തലത്തിൽ നടപടികൾസ്വീകരിച്ചിട്ടുണ്ട്. സ്കാനിംഗ് യൂണിറ്റുകൾ, റേഡിയേഷൻ ചികിത്സയ്ക്കാവശ്യമായ മെഷീനുകൾ മറ്റ് സാങ്കേതിക സൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിച്ചുകൊണ്ടാണ് ഇത് നടപ്പിലാക്കിയത്. ആർ.സി.സിയിലെ രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് കാൻസർ ചികിത്സ മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് വികേന്ദ്രീകരിക്കുന്നതിനുള്ള തീരുമാനവും, മദ്ധ്യകേരളത്തിലെ കാൻസർ രോഗികളുടെ സൗകര്യാർത്ഥം കൊച്ചിയിൽ ഒരു കാൻസർ സെന്റർ സ്ഥാപിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ 12 ജില്ലകളിലായി (ഇടുക്കിയും കോഴിക്കോടും ഒഴികെ) ജില്ലാ കാൻസർ നിയന്ത്രണ കേന്ദ്രങ്ങൾ സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിൽ ആരംഭിച്ചു. ഈ കേന്ദ്രങ്ങളിൽ നിന്നുള്ള 16

ഡോക്ടർമാർക്ക് 3 മാസവും, 42 നഴ്സുമാർക്ക് 2 ആഴ്ചയും വീതം ആർ.സി.സിയിലും, മലബാർ കാൻസർ സെന്ററിലും പരിശീലനം നൽകുകയുണ്ടായി. ഇപ്രകാരം പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും നഴ്സുമാരുടെയും സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് ആർ.സി.സി-യിൽ ആദ്യഘട്ടം കീമോതെറാപ്പി കഴിഞ്ഞ രോഗികൾക്ക് അടുത്തഘട്ടം മുതൽ കീമോതെറാപ്പി നൽകുന്നതിനുള്ള സംവിധാനവും, മുൻകൂർ കാൻസർ നിർണ്ണയത്തിനും കാൻസർ മുന്നോടിയായുള്ള മാറ്റങ്ങൾ കണ്ടുപിടിച്ച് ചികിത്സിക്കുന്നതിനുമുള്ള സംവിധാനവും ഡിസ്ട്രിക്ട് കാൻസർ കെയർ സെന്ററുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.

ആർ.സി.സിയിൽ പുതുതായി പണിതീർന്ന പത്ത് നില കെട്ടിടത്തിലേക്ക് ഒ.പി.വിഭാഗവും മറ്റ് സർവ്വീസുകളായ പെറ്റ് സ്കാനർ, സ്പെക് സി.റ്റി ഗാമാക്യാമറ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ഡേകെയർ കീമോതെറാപ്പി, മെഡിക്കൽ റെക്കോർഡ്സ്, ക്യാൻസർ രജിസ്ട്രി, ഐ.റ്റി ഡിവിഷൻ, ടെലിമെഡിസിൻ, ആർ.ഐ.എ ലാബ്, ന്യൂക്ലിയാർ മെഡിസിൻ ഒ.പി, ഫാർമസി സർവ്വീസ് എന്നിവ പൂർണ്ണമായും മാറ്റി കഴിയുമ്പോൾ ഇൻപേഷ്യന്റിന് ആവശ്യമായ പേവാർഡുകൾ, ജനറൽ വാർഡുകൾ തുടങ്ങിയ സൗകര്യങ്ങൾ വർദ്ധിക്കുന്നതാണ്.

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

ഈ വകുപ്പിനു കീഴിൽ ക്യാൻസർ ചികിത്സാ സൗകര്യമുള്ള എല്ലാ മെഡിക്കൽ കോളേജുകളിലും മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി റേഡിയോളജി എന്നീ വിഭാഗങ്ങൾ സുസജ്ജമായി പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ ക്യാൻസർ ചികിത്സയ്ക്കായി ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ Tertiary Cancer Care സംവിധാനം നടപ്പിലാക്കുന്നതിനുള്ള പുതിയ കെട്ടടനിർമ്മാണം പുരോഗമിച്ചുവരുന്നു.

**മലബാർ കാൻസർ സെന്റർ**

മലബാർ മേഖലകളിൽ കാൻസർ രോഗം വർദ്ധിച്ച വരുന്നതായി അനൗദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നതിനാൽ 2014 ൽ എം.സി.സിയിൽ ആരംഭിച്ച മലബാർ പോപ്പുലേഷൻ ബേസ്ഡ്

| | | | |
|---|---|---|---|
| | | | കാൻസർ രജിസ്ട്രി കണ്ണൂർ, കാസർഗോഡ് ജില്ലകൾക്ക് പുറമേ കോഴിക്കോട്, വയനാട്, മലപ്പുറം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകൾ കൂടി ഉൾപ്പെടുത്തി വിപുലീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനാൽ കുറച്ച് വർഷങ്ങൾക്കുള്ളിൽ ഈ മേഖലകളിൽ വർദ്ധിച്ച് വരുന്ന കാൻസർ രോഗികളുടെ കണക്ക് ഏകദേശം കൃത്യമായി കണക്കാക്കാൻ സാധിക്കും<br>എം.സി.സിയെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുവാനുള്ള തീരുമാനം ഒമ്പതാമത്തെ ഗവേണിംഗ് ബോഡിയിൽ തീരുമാനിച്ചിട്ടുണ്ട്. |
| ബി) | ക്യാൻസർ ചികിത്സക്കായി എല്ലാ താലൂക്ക് ആശുപത്രികളിലും സംവിധാനമൊരുക്കുന്നതിനും താലൂക്ക് തലത്തിൽ ക്യാൻസർ രോഗ ബാധിതരുടെ 'ക്യാൻസർ രജിസ്ട്രി' തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | ബി) | എല്ലാ താലൂക്ക് ആശുപത്രികളിലും, ക്യാൻസർ ചികിത്സാ ഘട്ടം ഘട്ടമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിലൂടെ ക്യാൻസർ രജിസ്ട്രി ഗ്രാമ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് നടത്തി വരുന്നു.<br>വർദ്ധിച്ചുവരുന്ന കാൻസർ രോഗബാധിതരുടെ എണ്ണം കണക്കിലെടുത്ത് കേരളത്തിൽ ഒരു "സ്റ്റേറ്റ് കാൻസർ രജിസ്ട്രി" അത്യന്താപേക്ഷിതമാണ്. അതിന്റെ പ്രാരംഭ നടപടിയായി എല്ലാ താലൂക്ക് ആശുപത്രികളിലും റിപ്പോർട്ട് ചെയ്യുന്ന കാൻസർ രോഗികളുടെ പേര്, വയസ്സ്, അഡ്രസ്, ഏതുതരം കാൻസർ, ബയോപ്സി റിപ്പോർട്ട് / പതോളജി റിപ്പോർട്ട് / സ്കാൻ റിപ്പോർട്ട്, ആദ്യമായി കണ്ടുപിടിച്ച തീയതി, നൽകിയ ചികിത്സ ഇവ ഓരോ രജിസ്റ്റർ വച്ച് തീയതി ഇട്ട് സൂക്ഷിച്ച് വയ്ക്കേണ്ടതുണ്ട്. കാൻസർ രോഗികൾ പലതരം ചികിത്സയ്ക്കുവേണ്ടി പല ആശുപത്രികളിൽ പോകും എന്നുള്ളതിനാൽ രോഗികളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തുന്നതിന് റീജണൽ കാൻസർ സെന്റർ, തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കാൻസർ രജിസ്ട്രിയെ, നോഡൽ സെന്റർ ആക്കി മാറ്റി ശരിയായ കണക്കുകൾ താലൂക്ക്/ജില്ല തിരിച്ച് സ്റ്റേറ്റ് വൈഡ് കാൻസർ രജിസ്ട്രി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| സി) | ക്യാൻസർ ചികിത്സക്കാവശ്യമായ ലീനിയർ ആക്സിലറേറ്റർ ഉൾപ്പെടെയുള്ള ചികിത്സാ ഉപകരണങ്ങൾ എല്ലാ ജില്ലാ ആശുപത്രികളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | സി) | ലീനിയർ ആക്സിലേറ്റർ സജ്ജീകരിക്കുന്നതിന് വലിയ സാമ്പത്തിക ബാധ്യതയാണ് ഉണ്ടാകുന്നത്. മാത്രവുമല്ല റേഡിയോ തെറാപ്പി വിദഗ്ധരുടെ സേവനവും അനിവാര്യമാണ്. പ്രത്യേക അനുമതികൾ ആവശ്യമായ ഈ ചികിത്സാവിധി എല്ലാ സൗകര്യങ്ങളുമുള്ള ആശുപത്രികളിൽ ഘട്ടം ഘട്ടമായി ആരംഭിക്കുന്നതാണ് സാങ്കേതികമായി പ്രായോഗികതയുള്ളത്. |

സെക്ഷൻ ഓഫീസർ